ശ്രീ. വി. എസ്. ശിവകുമാർ : സർ, ഇതിനെ സംബന്ധിച്ചുള്ള പുതിയ ഓർഡിനൻസ് സഭയിൽ വച്ചിട്ടുണ്ട്. അതുകൊണ്ട് പുതിയ ബിൽ ആവശ്യമില്ലെന്നുള്ളതാണ് നിയമ വകുപ്പ് അറിയിച്ചിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഓർഡിനൻസ് നിരാകരിക്കുന്നതിനുള്ള അവകാശം സ്പീക്കർക്കുണ്ട്. ഞങ്ങൾക്ക് അറിയേണ്ടത് ഇതിനൊരു പുതിയ ബിൽ അവതരിപ്പിക്കേണ്ടതില്ലെന്ന് നിയമ വകുപ്പ് എഴുതിത്തന്നിട്ടുണ്ടോ? അങ്ങനെ നിയമ വകുപ്പ് ഒരു അഭിപ്രായം അറിയിച്ചിട്ടുണ്ടോ? അങ്ങനെ ഒരു അഭിപ്രായം നിയമ വകുപ്പ് അറിയിച്ചിട്ടുണ്ടെങ്കിൽ അത് മേശപ്പുറത്തുവയ്ക്കണം.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഓർഡിനൻസിന്റെ കോപ്പി മേശപ്പുറത്തു വച്ചിട്ടുണ്ട്. പുതിയ ബിൽ ആവശ്യമില്ലെന്നാണ് ലാ ഡിപ്പാർട്ടുമെന്റ് അറിയിച്ചിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ലാ ഡിപ്പാർട്ടുമെന്റ് തന്ന സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കണം. ഇതൊരു അക്കാദമിക് ഡിസ്കഷനല്ലേ; നിയമനിർമ്മാണ സഭയല്ലേ ?

മി. സ്പീക്കർ : തീർച്ചയായും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇത് ചരിത്രത്തിന്റെ ഭാഗമല്ലേ? നിയമനിർമ്മാണം എന്നുപറയുന്നത് ചരിത്രത്തിന്റെ ഭാഗമാണ്. ഭാവിതലമുറയും ഇത് പഠിക്കണം. ലാ സ്റ്റുഡന്റ്സിന് ഇത് പഠിക്കേണ്ടിവരും. അതുകൊണ്ട് ലാ ഡിപ്പാർട്ടുമെന്റിന്റെ സ്റ്റേറ്റ്മെന്റിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കണം.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം മേശപ്പുറത്തുവയ്ക്കുന്നതാണ്.

## VIII റൂളിംഗ്

മി. സ്പീക്കർ : 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ, 2013-ലെ മദ്രാസ് ഹിന്ദു-മത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ 2013 ജൂൺ 11-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും ചർച്ചയ്ക്ക് ശേഷം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. പ്രസ്തുത ബില്ലുകൾ 2013-ലെ 34-ഉം 35-ഉം നമ്പർ ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളായിരുന്നു. സബ്ജക്ട് കമ്മിറ്റി പ്രസ്തുത ബില്ലുകൾ പരിഗണിച്ച് അതിന്റെ റിപ്പോർട്ട് ജൂൺ 20-ാം തീയതി സഭയിൽ സമർപ്പിച്ചു. ജൂലൈ 18 വരെ ചേരാൻ നിശ്ചയിച്ചിരുന്ന ഒൻപതാം സമ്മേളനം ജൂലൈ 9-ാം തീയതി സമാപിപ്പിച്ച സാഹചര്യത്തിലാണ് മേല്പറഞ്ഞ ബില്ലുകൾ പരിഗണനയ്ക്ക് എടുക്കുവാൻ കഴിഞ്ഞ സമ്മേളനത്തിൽ കഴിയാതെ വന്നത്. പ്രസ്തുത ഓർഡിനൻസുകൾ ലാപ്സാകുന്നതിനുമുമ്പ് അതിലെ നിർദ്ദേശങ്ങൾക്ക് തുടർ പ്രാബല്യം നൽകുന്നതിന് 2013 ജൂലൈ 19-ാം തീയതി 42-ഉം 43-ഉം നമ്പർ ഓർഡിനൻസുകൾ ഗവർണ്ണർ പ്രൊമുൽഗേറ്റ് ചെയ്തു. സഭ മുമ്പാകെ പെന്റിംഗ് ആയിട്ടുള്ള ബില്ലുകളിലെ വകുപ്പുകൾക്ക് യാതൊരു മാറ്റവും വരുത്താതെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഓർഡിനൻസ് നമ്പർ 42-ഉം 43-ഉം പുറപ്പെടുവിച്ചിട്ടുള്ളത്. നിയമസഭയുടെ മുമ്പാകെ നിലവിലുള്ള ബില്ലിലെ വ്യവസ്ഥകൾ മുഴുവനായോ ഭാഗീകമായോ അഥവാ ഭേദഗതിയോടുകൂടിയോ ഒരു ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുമ്പോൾ ഓർഡിനൻസ് പുറപ്പെടുവിച്ചതിന് തൊട്ടടുത്തുവരുന്ന സമ്മേളനത്തിന്റെ പ്രാരംഭ ത്തിൽ ഓർഡിനൻസുവഴി അടിയന്തര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രി നിയമസഭ യുടെ മേശപ്പുറത്തുവയ്ക്കണമെന്ന് നിയമസഭാ നടപടിചട്ടം 75(2) അനുശാസി ക്കുന്നുണ്ട്. 42-ഉം 43-ഉം നമ്പർ ഓർഡിനൻസുകളെ സംബന്ധിക്കുന്ന ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകൾ 2014 ജനുവരി 6-ാം തീയതി സഭയുടെ മേശപ്പു റത്തുവച്ചിട്ടുണ്ട്. സഭ മുമ്പാകെ പെന്റിംഗ് ആയിട്ടുള്ള ഒരു ബിൽ സംബന്ധിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ ചട്ടപ്രകാരം കൈക്കൊള്ളേണ്ട നടപടി ഇതിനകം തന്നെ എടുത്തിട്ടുണ്ട്. 2003 ഫെബ്രുവരി 13-ാം തീയതി സഭ പരിഗണിച്ച് പാസ്സാക്കിയ 2002-ലെ കേരള കോർട്ട് ഫീസും വ്യവഹാരസല (ഭേദഗതി) ബില്ലും കഴിഞ്ഞ സഭയുടെ കാലയളവിൽ പരിഗണനയ്ക്കെടുത്ത് പാസ്സാക്കിയ 2006-ലെ കേരള റോഡ് സേഫ്റ്റി അതോറിറ്റി ബില്ലും 2006-ലെ മത്സ്യത്തൊഴിലാ ളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ് ബില്ലും ഇപ്രകാരം സഭ ഇതിനുമുമ്പ് പരിഗണിച്ച് പാസ്സാക്കിയതായി കാണുന്നു. 2006-ലെ 35-ാം നമ്പർ ഓർഡിനൻസ്, 2006-ലെ 57-ാം നമ്പർ ഓർഡിനൻസ് എന്നിവയ്ക്കു പകരമുള്ള ബില്ലുകൾ സഭ ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ചശേഷം 2007-ലെ 18-ാം നമ്പർ ഓർഡിനൻസ്, 2007-ലെ 19-ാം നമ്പർ ഓർഡിനൻസ് എന്നിവ യഥാക്രമം മേല്പറഞ്ഞ ബില്ലുകളെ സംബന്ധിച്ച് പുറപ്പെടുവിക്കുകയുണ്ടായി. 2007-ൽ പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമുള്ള ബില്ലുകളല്ല സഭ അന്ന് പരിഗണിച്ച് പാസ്സാക്കിയത്. 2014 ജനുവരി 1-ാം തീയതി ചേർന്ന കക്ഷിനേതാക്കന്മാ രുടെ യോഗത്തിലും 2014 ജനുവരി 3-ാം തീയതി ചേർന്ന കാര്യോപദേശക സമിതി യോഗത്തിലും ഇക്കാര്യം ചർച്ച ചെയ്തതിന്റേയും അഭിപ്രായ സമന്വയം ഉണ്ടായ തിന്റെയും അടിസ്ഥാനത്തിലാണ് നിലവിലുള്ള ഓർഡിനൻസിന് പകരം പുതിയ ബിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുപകരം സഭ മുമ്പാകെ പെന്റിംഗ് ആയിട്ടുള്ള ഈ ബിൽ പരിഗണിക്കുവാൻ തീരുമാനിച്ചത്.

2013-ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിൽ ദേവസ്വം ബോർഡിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് നിയമസഭ നടത്തിയ നിയമനിർമ്മാണത്തെ അസ്ഥിരപ്പെടുത്തുന്നതായും ദേവസ്വം ബോർഡിൽ നിലവിലുണ്ടായിരുന്ന വനിതാ സംവരണം ഒഴിവാക്കിയതും ഭരണ ഘടനാ തിരസ്കാരമാണെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നം.

ബില്ലിൽ പി.എസ്.സി. നിയമനം അസ്ഥിരപ്പെടുത്തുന്നതും വനിതാ സംവരണം ഒഴിവാക്കുന്നതും ഗവൺമെന്റിന്റെ നയപരമായ തീരുമാനമാണ്. നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിന് ഭേദഗതി കൊണ്ടുവരാനുള്ള അധികാരം സഭയ്ക്കുണ്ട്. ബില്ലിൽ ഭരണഘടനാ ലംഘനം ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ആത്യന്തികമായി തീരുമാനിക്കുന്നത് കോടതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബിൽ പരിഗണിക്കണമെന്ന പ്രമേയം ചർച്ച ചെയ്യുമ്പോൾ നിലവിലുള്ള 42-ഉം 43-ഉം നമ്പർ ഓർഡിനൻസുകൾ നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുവാൻ അംഗങ്ങൾക്ക് അവസരം നല്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അതിനുള്ള അവസരവും നല്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലും 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലും സഭ പരിഗണിക്കുന്നതിൽ അപാകതയൊന്നുമില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു, ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ( ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. ശിവകുമാർ : സർ, തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകൾ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. 1950-ൽ കൊണ്ടുവന്ന ഈ നിയമത്തിന് 2007-ൽ കൊണ്ടുവന്ന ചില ഭേദഗതികൾക്ക് മാറ്റം വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഇപ്പോൾ അവതരിപ്പിക്കുന്ന ബിൽ. ഇപ്പോൾ സമർപ്പിച്ചിട്ടുള്ള ബില്ലിലെ പ്രധാന ഭേദഗതികൾ താഴെ പറയുന്നവയാണ് :

1. ബോർഡിലെ മൂന്ന് മെമ്പർമാരിൽ രണ്ടുപേരെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യും

2. മൂന്നാമത്തെ അംഗത്തെ നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കും. ഇത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളായിരിക്കും

3. പുരുഷ മെമ്പർമാരുടെ പ്രായം 45 വയസ്സും സ്ത്രീ മെമ്പറുടേത് 60 വയസ്സും പൂർത്തിയായിരിക്കണം.

4. ബോർഡിന്റെ കാലാവധി രണ്ടുവർഷം എന്നുള്ളത് 3 വർഷമായി വർദ്ധിപ്പിക്കണം.

5. ചട്ടങ്ങളുണ്ടാക്കാനുള്ള ബോർഡിന്റെ അധികാരത്തിൽ സർക്കാറിന്റെ മുൻ അംഗീകാരത്തോടുകൂടി എന്ന് കൂട്ടിച്ചേർക്കണം.

6. ബോർഡിന്റെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള വകുപ്പ് റദ്ദ് ചെയ്യണം.

7. സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ല.



LIBRARY ARCHIVES Kerala Legislative Assembly